# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.T4763** **14 .11.2019 ൽ മറുപടിക്ക്**

**മങ്കട മണ്ഡലത്തിലെ ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |

| | | | |
|---|---|---|---|
| (എ) | മങ്കട നിയോജകമണ്ഡലത്തിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ബസ്സ് കാത്തിരിപ്പ് കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് എക്സിക്യൂട്ടീവ് എഞ്ചിനീയർ ദേശീയപാത വിഭാഗത്തിൽ നിലവിൽ അപേക്ഷ ലഭിച്ചിട്ടുണ്ടോ; | (എ) | ലഭിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; അറിയിക്കുമോ; | (ബി) | അനുബന്ധ രേഖകളുടെ അപര്യാപ്തത മൂലം പൂർണ്ണമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ഇതിന്റെ അനുമതിയ്ക്കായി എന്തെല്ലാം വിവരങ്ങൾ ആണ് ആവശ്യപ്പെട്ടിട്ടുള്ളത്; | (സി) | പ്രസ്തുത പ്രൊപ്പോസലിന്റെ അനുമതിയ്ക്കായി പഞ്ചായത്ത് റോഡ് സേഫ്റ്റി അതോറിറ്റിയുടെ യോഗനടപടി കുറിപ്പ്, ബന്ധപ്പെട്ട ആർ.ടി.ഒയുടെ സമ്മതപത്രം, ലൊക്കേഷൻ സ്കെച്ച് എന്നിവ ആവശ്യമാണ്. |
| (ഡി) | ഈ വിവരങ്ങൾ ഏത് ഉത്തരവ് പ്രകാരമാണ് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ? | (ഡി) | ബഹു.കേരള ഹൈക്കോടതിയുടെ ഡബ്ല്യൂ.പി(സി) 5218/19 വിധിയുടെ അടിസ്ഥാനത്തിലാണ് പഞ്ചായത്ത് തല ട്രാഫിക് സേഫ്റ്റി അതോറിറ്റിയുടെ യോഗനടപടി കുറിപ്പ് ആവശ്യപ്പെട്ടത്. കൂടാതെ ബസ്സ് ഷെൽട്ടറുകൾ അനുവദിക്കുമ്പോൾ കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയത്തിന്റേയും ഇൻഡ്യൻ റോഡ് കോൺഗ്രസ്സിന്റേയും മാനദണ്ഡങ്ങൾ പ്രകാരം വാഹന ഗതാഗതത്തിനും റോഡ് സുരക്ഷയ്ക്കും പൊതുജനങ്ങൾക്കും ബുദ്ധിമുട്ട് ഉണ്ടാകുന്നില്ലെന്ന് ഉറപ്പ് വരുത്താനുമാണ് മേൽപ്പറഞ്ഞ രേഖകൾ ആവശ്യപ്പെട്ടത്. |

**സെക്ഷൻ ഓഫീസർ**